ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

61(1029)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷ നിലും ഡിപ്പോയിലും ആവശ്യത്തിന് ജീവനക്കാരില്ലാതെയും അറ്റകുറ്റപ്പണി കൾ നടത്താതേയും ശോചനീയാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ട്രാൻസ്പോർട്ട് സ്റ്റേഷനിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അത്യാവശ്യ ജീവനക്കാർ ഇപ്പോൾ ഉണ്ട്.

(ബി) ജീവനക്കാരുടെ കുറവ് ഉണ്ടായാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുത്ത താൽക്കാലിക ജീവനക്കാരെ നിയമി ക്കുവാൻ ജില്ലാ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യം അറ്റ കുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

(സി) എം.പി. ഫണ്ട് ഉപയോഗിച്ച് ക്ലോക്ക് റൂം, ഡോർമിറ്ററി, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയ സൗകര്യങ്ങളുള്ള ഉദ്ദേശം 25.50 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്നതുമായ ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിന് 30.5.2000-ൽ ആലപ്പുഴ എം.പി. തറക്കല്ലിടുകയും ജില്ലാ നിർമ്മിതികേന്ദ്രം വഴി പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റേഷന്റെയും ഗ്യാരേജിന്റേയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള അനുമതി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ബസ് സ്റ്റേഷൻ യാർഡ് ടാറിംഗ് ചെയ്യുന്നതിനായി ആദ്യം ടെൻഡർ ചെയ്തിട്ട് കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമുണ്ടായില്ല. രണ്ടാമത്തെ പ്രാവശ്യം കിട്ടിയിട്ടുള്ള ഏക ടെൻഡർ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ-ചാല-ക്കെയ്യോട്-വഴി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

62(1033) ശ്രീ. എം.വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-ചാല-കൊയ്യോട്-വഴി ചക്കരക്കൽ റൂട്ടിൽ കെ.എസ്. ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചി ട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly